## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2063 | 08.03.2018-ലെ മറുപടിയ്ക്ക്

## ഗ്രാമീണമേഖലയിലെ കായിക വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഗ്രാമീണമേഖലയിൽ കൂടുതൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) (ബി) & (സി) | സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ജില്ലാ കോച്ചിംഗ് സെന്ററുകൾ എന്നിവ വഴി ഗ്രാമീണ മേഖലയിൽ നിന്നുൾപ്പെടെയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ 2020, 2024 ഒളിമ്പിക്സിൽ മെഡൽ കരസ്ഥമാക്കുക എന്ന ലക്ഷ്യത്തോടെ 11 കായിക ഇനങ്ങളിൽ ഗ്രാമീണ മേഖലയിൽ നിന്നും ഉൾപ്പെടെയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്ന ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയും നടപ്പാക്കുന്നതാണ്. |
| (ബി) | ഗ്രാമീണ മേഖലയിൽ കൂടുതൽ കളിസ്ഥലങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോ ; ഈ പദ്ധതി പ്രകാരം ഇതേവരെ ഗ്രാമീണ മേഖലയിൽ എത്ര കളി സ്ഥലം നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട് ;വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) & (സി) | ഉണ്ട്. 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച "പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 11 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ |
| (സി) | കൂടുതൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും | | |

| | | | |
|---|---|---|---|
| | പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | സ്വീകരിച്ച് വരുന്നു. കിഫ്ബി അംഗീകാരം ലഭിച്ച 11 സ്റ്റേഡിയങ്ങളിൽ 9 എണ്ണത്തിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോക് ഗണപതി സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**